STATE POLICE MEDIA CENTRE
KERALA

Police Headquarters
Vazhuthacaud
Thiruvananthapuram - 695010
0471 2318188
info.pol@kerala.gov.in
statepolicemediacentre

No.215/PR/SPMC/PHQ/2021 Date :24.05.2021

# ഓൺലൈൻ വഴി സഹായം അഭ്യർത്ഥിക്കുന്നവർക്കെതിരെ നടപടിയില്ല: ഡി.ജി.പി

കോവിഡ് ബാധിതരെ സഹായിക്കുന്നതിനും മരുന്നും അവശ്യസാധനങ്ങളും ലഭ്യമാക്കുന്നതിനുമായി ഓൺലൈൻ വഴി സഹായ അഭ്യർത്ഥന നടത്തുന്നവർക്കെതിരെ യാതൊരു വിധ നിയമനടപടിയും സ്വീകരിക്കരുതെന്ന് സംസ്ഥാന പോലീസ് മേധാവി ലോക്നാഥ് ബെഹ്റ പോലീസ് ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകി. മരുന്നും ഓക്സിജനും ആവശ്യപ്പെട്ടും ആശുപത്രിയിൽ കിടക്കകൾ അഭ്യർത്ഥിച്ചും സാമൂഹിക മാധ്യമങ്ങളിൽ വരുന്നവർക്കെതിരെ നേരിട്ടോ പരോക്ഷമായോ നടപടി സ്വീകരിക്കുകയോ അറസ്റ്റിന് ശ്രമിക്കുകയോ ചെയ്യരുതെന്നും നിർദ്ദേശമുണ്ട്.

വിവിധ ഓൺലൈൻ പ്ലാറ്റ്ഫോമുകൾ വഴി കോവിഡ് രോഗികളുടെ ആവശ്യങ്ങൾ അറിയിച്ചുകൊണ്ട് വിവരങ്ങൾ പങ്ക് വയ്ക്കുന്നവർക്കെതിരെ നടപടി സ്വീകരിക്കാൻ പാടില്ലെന്ന സുപ്രീംകോടതി നിർദ്ദേശത്തെത്തുടർന്നാണ് നടപടി.

*********************